(ജനനപ്പെരുന്നാൾ സന്ധ്യ)

**(എനിയോനൊ-ഏമൊദ്കീസൊ)**

കന്യകയാം -മാതാവിൻ വ്രതമുദ്ര-യ്ക്കൂനമതെന്യേ
ജാതം ചെയ്തോ-നേ! ദേവാ! ദയചെയ്തീടണമേ.

കാഴ്ചകളാ-ൽജ്ഞാനികൾ മാനിച്ചോ-നേ!
ആട്ടിടയന്മാർ-നതിയർപ്പിച്ചോ-നേ ! ദേവാ.............

ഞങ്ങൾക്കാ-യ് കൃപയാൽ ശിശുവായോ-നേ
ബേത്‌ലഹേ-മിൽ പിച്ച നടന്നോ-നേ-ദേവാ............

കൃ-പയാൽ ജാതാ!-ഗുഹയിലമർന്നോ-നേ!
പാഴ്ത്തുണിയാ-ലേ പൊതിയപ്പെട്ടോനേ!-ദേവാ..........

ശാശ്വതനാം-ജനകനിൽനിന്നു ജനി-ച്ചു
കാലത്തികവിൽ ദാവീദ്യയിൽ ജാ-താ! ദേവാ.........

നിജമാകും-മാന്യതയെ വന്ദി-പ്പാൻ
വിദ്വാന്മാ-രെ ആകർഷിച്ചോ-നേ ദേവാ..........

വാഴ്വുടയോ-ൻ മാനവവാനോരെ-ത്തൻ
ജനനദിന-ത്തിൽ സന്തോഷിപ്പി-ച്ചോൻ ദേവാ..........

സ്തുതിയൊടു കൂപ്പുക നരരേ ജനനാൽ ബിം
ബാർച്ചനയീന്നും വീണ്ടൊരു സുതനെ- നാം ദേവാ....

(ജനനപ്പെരുന്നാൾ രാത്രി 1-ാം കൗമ)

**(അം(ക്രൂബെന്ബർക്കോഖ്)**

1. മാന-വവത്സലനേ! ക്രൂബേസ്രോപ്പേമാലാഖാ
സ-ഹിതം ഞങ്ങൾ, വാ-ഴ്ത്തും കാദീശ്,
പാടും പ്രണമിക്കും നാ-ഥാ! സ്തുതിതേ-
നിഖിലജഗന്നിർമ്മാ-താ-വെ!

2. പേർഷ്യൻ-വിബുധന്മാർ- ആദ്യജനുപഹാരങ്ങളുമായ്
വ-ന്നുൾപ്പൂകി, സംഭ്രമസഹിതം
പ്രണമിച്ചുരചെയ്തു. നാ-ഥാ സ്തുതിതേ.......

3. മനുജ-പ്രിയനെ!നിൻ ദൈവത്വത്തിനു കാഴ്ചകളെ



യ-വരർപ്പിച്ചു, മാനിക്കുന്നു
സഭതിരുജനനദിനം നാ-ഥാ!സ്തുതിതേ...............

4. പ്രഭയിൻ-സുപ്രഭയേ-ശാശ്വതതാതൻ തൻതനയാ!
അൻപാലേറ്റു നീ-നരജനനം
സ്തുതിയരുളുന്നെങ്ങൾ; നാ-ഥാ! സ്തുതിതേ........

5. പേർഷ്യൻ-വിബുധന്മാർ-കാഴ്ചകളങ്ങേ യ്ക്കർപ്പിച്ചു
ബേ-ത്‌ലഹേമിൽ ഘോഷി-ച്ചേവം
മാനവവത്സലനേ! നാ-ഥാ! സ്തുതിതേ...........

6. മേലൂ-റിശിലേമിൽ -ഭൂവാസികളുടെ സഭയിതിലും
നിൻ-നാമത്തിൽ നിദ്രിതരടിയാർ
ക്കരുളണമേ സ്മരണ. നാ-ഥാ-സ്തുതിതേ.........

(ജനനപ്പെരുന്നാൾ രാത്രി 1-ാം കൗമ)

1. ദാവീദിൻ-മകൾ കന്നി
ജനതാമദ്ധ്യേ നി-ന്നീ-ടുന്നു
കൈകളിൽ മേ-വുന്നുണ്ണി
താർക്കികരവനെ ചൂഴു-ന്ന-ല്ലൊ
പാർക്കുന്നേ-കൻ; നേർക്കുന്ന-ന്യൻ
സാക്ഷിച്ചന്യനിവൻ-താ-ൻദൈ-വം.

2 ദാവീദിൻ- മകൾ കന്നി
നമ്മെ വിളിച്ചാൾ സ്നേ-ഹ-ത്താൽ -തൻ
പന്തിയിലേ-ക്കീനാളിൽ
വരുവിൻ നമ്മൾക്കാ-മോദി-ക്കാം
അവളോ-ടൊന്നിച്ചുൽഘോഷി-ക്കാം
തൽഫലമീശൻ താ-നെ-ന്നേവം.

3 കന്യകയായ്-നല്ലാരിൽ
പൈതലിനെ പ്രസവി-ച്ചോ-ളേ-വൾ
സംഗമരാ-ഹിത്യത്തിൽ
സ്തന്യവുമുണ്ണിയുമെ-ന്നാർ-ക-ണ്ടു
അത്ഭുതവാ-ർത്താ! വിസ്മയവാ-ർത്ത!
വാദിഗണംവായ് മൂ-ടീ-ട-ട്ടെ

4 താതയുതം-നീ ദൈവം
അതിനാൽ ജാതികൾതൻ ന-ന്ദ-ന-യാം



തിരുസഭ-നിന്നുദയത്തെ
സങ്കീർത്തിച്ചഭിമാ-നംകൊൾ-വൂ
പ്രേമം-നൽക; ക്ഷേമം നൽക
തൽദാതാവാം താ-തൻ-ധ-ന്യൻ.

(ജനനപ്പെരുന്നാൾ രാത്രി 2-ാം കൗമ)

സംരക്ഷിത- ജാതികളെ-വരുവിൻ പാടിൻ
തനയൻ തൻ ജനനത്തിൽ- സ്തോത്രം പാടിൻ

താഡിപ്പിൻ -താഡിപ്പിൻ - കരമിന്നാളിൽ
തനയൻ തൻ- ജനനത്തിൽ - സ്തോത്രം പാടിൻ.

താണുപറ-ന്നീറേന്മാർ-ബേത്‌ലഹേമിൽ
തനയൻ തൻ- ജനനത്തിൽ - സ്തോത്രം പാടി.

സ്വർഗ്ഗോന്നത- സ്വർഗ്ഗമവ-ന്നേകി സ്തോത്രം
തനയൻ തൻ -ജനനത്തിൽ - സ്തോത്രം പാടി.

അപഥം വിട്ടപരന്മാർ- തിരികെ വന്നു
തനയൻ തൻ -ജനനത്തിൽ - സ്തോത്രം പാടി.

സുവിശേഷ ഗ്രഹണത്താ-ലജപാലന്മാർ
തനയൻ തൻ -ജനനത്തിൽ - സ്തോത്രം പാടി.

വിണ്ണവരും -മണ്ണയരും -ഘോഷിച്ചോതി
തനയൻ തൻ -ജനനത്തിൽ - സ്തോത്രം പാടി.

അവരമിത-പ്രമദത്താൽ-ബേത്‌ലഹേമിൽ
ഈ ജനന-ത്തിരുനാളിൽ -സ്തുതിപാടുന്നു.

മശിഹായാൽ-രക്ഷിതരാം -സൃഷ്ടികളെല്ലാം
തനയൻ തൻ -ജനനത്തിൽ - സ്തോത്രം പാടി.

വ്യോമത്തീ-ന്നീറയർതൻ -വ്യൂഹം താണു
തനയൻ തൻ -ജനനത്തിൽ - സ്തോത്രം പാടി.

കാഴ്ചകളൊ-ത്തിടയന്മാർ- വിദ്വാന്മാരും
തനയൻ തൻ -ജനനത്തിൽ - സ്തോത്രം പാടി.

വിശ്വാസിക-ളേ! സഭതൻ-സുതരേ! നിങ്ങൾ
തനയൻ തൻ -ജനനത്തിൽ - സ്തോത്രം പാടിൻ.

വിസ്മയകര-ശിശുവേ! നി-ന്നവതാരത്തെ
വാഴ്ത്തിടുമീ-നിവഹത്തിൽ-കൃപചെയ്യേണം.

മഹിമയെഴും-വന്ദ്യമതാം-ത്രിത്വത്തിന്ന്
അനവരത-സ്തുതിസകലം-ചേർന്നീടട്ടെ.

(തൈലാഭിഷേകം) (ലത്ത്ഹൂമൊ)

**(6-ാം നിറം)**

ഏകാത്മജ-ദേവാ! ഞാൻ നിൻ
കൃപയുടെ കടലിൽ നോക്കുന്നേൻ
എൻ കടമേറീ-പാപം പെരുതായി
നിൻ സോപ്പായെന്മേൽ പൂ-ശി-
ട്ടെന്മിഴിനീരാൽ വെണ്മയെഴാൻ
കേഴുന്നേൻ നിൻ-ജനക സ്നേഹത്താൽ



എൻ വൈരികൾ മോദിച്ചീടാ-
തനുതാപമെഴും പാതകിയിൽ
ദൂതസമൂഹം-മോദിച്ചോതട്ടെ.
പശ്ചാത്താപമിയന്നോരെ
രാപകൽ വാതിൽ തുറന്നേറ്റും
ഹാലേലുയ്യാ-നാഥൻ വാഴ്വുടയോൻ
പാപികളേ! സുവിശേഷത്തിൻ
ജീവൻ നേടുവിനെന്നോതും
രക്ഷകനാദം-കർണ്ണാനന്ദകരം
ഞാൻ മരുഭൂമിയിലാത്മീയം
പാനീയവുമുയിരിൻ മഴയും
പാരം ചൊരിയും-സാക്ഷാൽ കർഷകനാം
നുകരട്ടെൻ നികടം പൂകി
ദാഹാർത്തന്മാർ ജീവജലം
ഹാലേലുയ്യാ-പാപവിമുക്തിക്കായ്
മൂല്യമിതാ തരണം തൈലം
വ്യാപാരിയൊടേവം പറയും
പാപിനി തന്റെ-നാദം ബഹുമധുരം
നൽകുക മേൽത്തരമാം തൈലം
ഞാനതിലെന്മിഴിനീർ ചേർത്തി-
ട്ടേകാത്മജനെ-യഭിഷേചിക്കട്ടെ.
ഇപ്പരിമള തൈലത്താൽ ഞാൻ
പാപവിമോചനമാർന്നിടുമെ-
ന്നെൻ ദൈവത്തിൽ-പ്രത്യാശിക്കുന്നേൻ.
അവൾ തൈലം വാങ്ങിച്ചെന്നാൾ
വിശ്വാസം ദർശിച്ചുടയോൻ
ഹാലേലുയ്യാ-പാപക്ഷമ നൽകി.